(ബി) സഹകരണ വകുപ്പിന്റെ കാര്യക്ഷമത മെച്ചപ്പെടുത്തുവാനായി ഒരു പുനഃസംഘടന നടത്തുന്ന കാര്യത്തിൽ നിലപാട് വ്യക്തമാക്കുമോ ?

ഉത്തരം

(എ) സഹകരണ വകുപ്പിന്റെ കാര്യക്ഷമത ഉറപ്പുവരുത്തുന്നതിനായി സംസ്ഥാന-ജില്ലാ-താലൂക്ക് തലങ്ങളിൽ ഫയൽ കുടിശ്ശിക തീർപ്പാക്കുന്നതിന് അദാലത്തുകൾ സംഘടിപ്പിച്ച് കുടിശ്ശിക ഫയലുകളിന്മേൽ തീർപ്പ് കൽപ്പിച്ചിട്ടുണ്ട്.

സഹകരണ ആഡിറ്റ് കാര്യക്ഷമമാക്കുന്നതിനായി രൂപീകരിച്ചിട്ടുള്ള സഹകരണ ആഡിറ്റ് ഡയറക്ടറേറ്റിൽ ഡയറക്ടറെ നിയമിക്കുകയും ഡയറക്ടറേറ്റിന് പ്രത്യേകം ആഫീസ് പ്രവർത്തനം ആരംഭിക്കുകയും ചെയ്തിട്ടുണ്ട്.

സഹകരണ വകുപ്പിന്റെ പ്രവർത്തനം അഴിമതി മുക്തമാക്കുന്നതിനായി ഡെപ്യൂട്ടി ഇൻസ്പെക്ടർ ജനറൽ ഓഫ് പോലീസ് റാങ്കിലുള്ള സഹകരണ വിജിലൻസ് ആഫീസറുടെ നേതൃത്വത്തിൽ സഹകരണ വിജിലൻസ് വിഭാഗം പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. വിജിലൻസ് ഹെഡ് ആഫീസിനുപുറമെ മൂന്ന് മേഖലാ ആഫീസുകളും പ്രവർത്തിച്ചു വരുന്നു.

(ബി) പുനഃസംഘടന നടത്തുന്നതാണ്.

സഹകരണ സംഘങ്ങളിലെ ഓഡിറ്റ്

14 (5419) ശ്രീമതി കെ. കെ. ലതിക : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ സഹകരണ സംഘങ്ങളുടെ 2009-10 വർഷത്തെ ഓഡിറ്റ് പൂർത്തിയായിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ ;

(ബി) ഇല്ലെങ്കിൽ എത്ര സംഘങ്ങളുടെ ഓഡിറ്റ് പൂർത്തിയായിട്ടുണ്ടെന്നും എത്ര സംഘങ്ങളുടേത് പൂർത്തിയാകാനുണ്ടെന്നും വ്യക്തമാക്കുമോ ;

(സി) സംഘങ്ങളുടെ ഓഡിറ്റ് പൂർത്തിയാവുന്നതിന് കാലതാമസം വരുന്നതിന്റെ കാരണം വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഓഡിറ്റ് പൂർത്തിയായിട്ടില്ല.

(ബി) 133 സംഘങ്ങളുടെ ഓഡിറ്റ് പൂർത്തിയായിട്ടുണ്ട്. 17,679 സംഘങ്ങളുടെ ഓഡിറ്റ് പൂർത്തിയാക്കുവാൻ ബാക്കി നിൽപ്പുണ്ട്.

(സി) 31-3-2010-ലെ കണക്കുകൾ പ്രകാരം 2008-09 വർഷം വരെയുള്ള 27,352 ഓഡിറ്റുകൾ കുടിശ്ശികയുണ്ട്, യൂണിറ്റിലും കൺകറന്റിലുമായി ഏകദേശം 222 തസ്തികകൾ ഒഴിഞ്ഞു കിടക്കുകയാണ്. കാലപ്പഴക്കം ചെന്ന ഓഡിറ്റുകൾ പൂർത്തിയാകുന്നതിന് മുൻഗണന നൽകുന്നതിനാലാണ് 2009-10 വർഷത്തെ ആഡിറ്റ് പൂർത്തിയാക്കുന്നതിന് കാലതാമസം നേരിടുന്നത്.

LIBRARY ARCHIVES Kerala Legislative Assembly